**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5161** **21-07-2022 - ൽ മറുപടിയ്ക്ക്**

**കൃഷി നാശം തടയാൻ വകുപ്പുകളുടെ ഏകോപനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീമതി ഒ എസ് അംബിക | | ശ്രീ. പി. പ്രസാദ്<br>(കൃഷി വകുപ്പ് മന്ത്രി) | |
| (എ) | കനാൽ, വരമ്പ്, തോടിന്റെ അരിക് എന്നിവ കയ്യേറുന്നത് നിമിത്തം ജലസേചന സൗകര്യം നഷ്ടപ്പെടുകയും, കൃഷി വെള്ളം കയറി നശിക്കുകയും ചെയ്യുന്നത് പരിഹരിക്കാൻ ബന്ധപ്പെട്ട മറ്റ് വകുപ്പുകളെ ഏകോപിപ്പിച്ച് പദ്ധതികൾ നടപ്പിലാക്കുന്നത് ആലോചനയിലുണ്ടോ ? | (എ) | കനാൽ, വരമ്പ്, തോടിന്റെ അരിക് എന്നിവ കയ്യേറുന്നത് നിമിത്തം ജലസേചന സൗകര്യം നഷ്ടപ്പെടുകയും, കൃഷി വെള്ളം കയറി നശിക്കുന്നതിനും കാരണമാകുന്നു. ഇത്തരം പ്രവണതകൾ തടയുന്നതിന് കനാലുകളുടെ നിയന്ത്രണ ചുമതലയുള്ള ജലസേചന-മൈനർ ഇറിഗേഷൻ വകുപ്പുകൾ, തോടുകളുടെ സംരക്ഷണ ചുമതലയുള്ള തദ്ദേശസ്വയംഭരണ വകുപ്പ്, പൊതുസ്ഥലങ്ങളുടെ ഉടമസ്ഥാ വകാശമുള്ള റവന്യൂ വകുപ്പ്, കൃഷി നടപ്പിലാക്കുന്നതിനും കൃഷി സംരക്ഷണത്തിനും ചുമതലയുള്ള കാർഷിക വികസന കർഷക ക്ഷേമ വകുപ്പ്, ഫിഷറീസ് വകുപ്പ് എന്നീ വകുപ്പുകളുടെ ഏകോപനത്തോടെയുള്ള പ്രവർത്തനത്തിലൂടെ മാത്രമേ കൃഷി പോലെ വിവിധ ഘടകങ്ങളെ ആശ്രയിച്ച് നിൽക്കുന്ന ഒരു മേഖലയുടെ പുരോഗതിയും, സംരക്ഷണവും സാധ്യമാകൂ. ഇതിനായി വിവിധ വകുപ്പുകളുടെയും എജൻസികളുടെയും പ്രവർത്തനം അത്യന്താപേക്ഷിതമാണ്. കുട്ടനാട്ടിൽ വിവിധ വകുപ്പുകളുടേയും ഏജൻസികളുടേയും പ്രവർത്തനം ഒരു കുടക്കീഴിൽ എകോപിപ്പിക്കുന്നതിനായി ബഹു. മുഖ്യമന്ത്രി ചെയർമാനായ കുട്ടനാട് വികസന ഏകോപന കൗൺസിൽ രൂപീകരിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ